5962
28/5/15

# കേരള സർക്കാർ

## സംഗ്രഹം

റവന്യു വകുപ്പ് - ജീവനക്കാര്യം - വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് കരം രസീത് എഴുതുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (റ്റി) വകുപ്പ്

സ.ഉ.(കൈ) നം.213/2015/ആർ.ഡി. തീയതി, തിരുവനന്തപുരം, 27.05.2015.

---

പരാമർശം :1) 04.09.1972-ലെ ജി.ഒ (എം.എസ്) നമ്പർ 876/72/ആർ.ഡി.

2) 28.06.1973-ലെ ജി.ഒ(എം.എസ്) നം.417/73/ആർ.ഡി.

3) 11.03.1976-ലെ ജി.ഒ(പി) നമ്പർ 75/76/പി.ഡി.

4) 12.12.2003-ലെ ജി.ഒ (എം.എസ്) നം. 387/2003/ആർ.ഡി.

5) 16.06.2012-ലെ സ.ഉ.(കൈ) നം.246/2012/ആർ.ഡി.

6) 01.07.2011-ലെ ജി.ഒ(എം.എസ്) നം:21/2011/പി.& എ.ആർ.ഡി.

7) ശ്രീ.ഉണ്ണികൃഷ്ണൻ, ശ്രീ.ഡാനിയേൽ എന്നിവരുടെ യഥാക്രമം 28.10.2011, 30.11.2011 തീയതികളിലെ നിവേദനം, കേരള റവന്യൂ വില്ലേജ് സ്റ്റാഫ് ഓർഗനൈസേഷൻ പ്രസിഡന്റ് ശ്രീ.സി.ഹരീഷ്കുമാറിന്റെ 27.11.2012-ലെ നിവേദനം.

8) ലാന്റ് റവന്യൂ കമ്മീഷണറുടെ 14.11.2012 തീയതിയിലെ എൽ.ആർ.(എച്ച്)3 -40963/12 നമ്പർ കത്ത്.

9) ശ്രീ.കോട്ടാത്തല മോഹനൻ, പ്രസിഡന്റ്, കേരളാ എൻ.ജി.ഒ അസോസിയേഷൻ സമർപ്പിച്ച 16.03.2015-ലെ നിവേദനം.

## ഉത്തരവ്

1) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്നും വേർതിരിച്ച് ഒരു പ്രത്യേക കാറ്റഗറിയായി നിലനിർത്തിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം വില്ലേജ്മാൻമാരുടെ വിദ്യാഭ്യാസ യോഗ്യത, നിയമനരീതി എന്നിവ നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുമുണ്ട്. അതിൻപ്രകാരം 7-ാം ക്ലാസ്സ് യോഗ്യത അല്ലെങ്കിൽ ഫോറം. III വിദ്യാഭ്യാസ യോഗ്യതയുള്ള 18 നും 30 നും ഇടയ്ക്ക് പ്രായമുള്ള പുരുഷ വിഭാഗത്തിലുള്ളവരെ ജില്ലാടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനം വഴിയാണ്

നിയമിച്ചിരുന്നത്. കേരളാ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ പരിധിയിൽ നിന്നും വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരെ പരാമർശം (3) പ്രകാരം ഒഴിവാക്കിയിട്ടുമുണ്ട്. ആയതിനാൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക ലാസ്റ്റ് ഗ്രേഡ് തസ്തികയ്ക്ക് സമാനമല്ല. പരാമർശം (5) പ്രകാരം വില്ലേജ്മാൻ തസ്തികയെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്ന് പുനർ നാമകരണം ചെയ്ത് ഉത്തരവായിട്ടുണ്ട്.

2) വില്ലേജ് മാനുവൽ പ്രകാരം വില്ലേജ്മാൻ നിർവ്വഹിക്കേണ്ട കടമകൾ താഴെ പറയുന്നു.

i) വില്ലേജിൽ പിരിയുന്ന തുക ഖജനാവിൽ ഒടുക്കാൻ വില്ലേജാഫീസറെ സഹായിക്കുക.

ii) കുടിശ്ശികക്കാരുടെ പേരിലുള്ള ഡിമാന്റ് നോട്ടീസുകളും മറ്റു നോട്ടീസുകളും നടത്തുക.

iii) വില്ലേജാഫീസർ ചുമതലപ്പെടുത്തുന്ന മറ്റെല്ലാ സർക്കാർ ജോലികളും നിറവേറ്റുക.

3) വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ യോഗ്യത എസ്.എസ്.എൽ.സി പാസ് ആയി ഉയർത്തണമെന്നും രസീതു ബുക്ക് എഴുതുന്നതിനുള്ള അനുവാദം നൽകണമെന്നും ആവശ്യപ്പെട്ട് പരാമർശം (7), (9) പ്രകാരം നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

4) വില്ലേജ് മാനുവൽ ഖണ്ഡിക 98 പ്രകാരം വില്ലേജ് ഓഫീസിൽ ഹാജരാക്കുന്ന തുക സ്വീകരിച്ച് രസീതു നൽകുവാനുള്ള അധികാരം വില്ലേജ് ഓഫീസറിൽ നിക്ഷിപ്തമാണ്. വില്ലേജ് മാനുവൽ ഖണ്ഡിക 100 പ്രകാരം വില്ലേജ് ഓഫീസറുടെയോ വില്ലേജ് അസിസ്റ്റന്റിന്റെയോ കൈയ്യൊപ്പും വില്ലേജ് മുദ്രയും ഇല്ലാത്ത രസീതുകൾക്ക് നിയമ സാധുതയില്ലെന്നും നിഷ്കർഷിക്കുന്നു. കോടതികളിൽ കൈവശാവകാശം തെളിയിക്കുന്നതിനും, ജാമ്യം ലഭിക്കുന്നതിനും, ബാങ്ക് ലോൺ മുതലായ വളരെ പ്രധാനപ്പെട്ട ആവശ്യങ്ങൾക്കും ഭൂനികുതി രസീത് ഉപയോഗിക്കുന്നുണ്ട്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത 7-ാം ക്ലാസ് പാസ്സ് ആയതിനാലും, വില്ലേജ് മാനുവൽ ഖണ്ഡിക 100 പ്രകാരവുമാണ് വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് കരം രസീത് എഴുതുന്നതിന് അനുവാദം നൽകാതിരുന്നത്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 9-ാം ശമ്പളപരിഷ്ക്കരണ കമ്മീഷൻ വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് കരം രസീത് എഴുതുവാനുള്ള അനുമതി നൽകണമെന്ന് ശുപാർശ ചെയ്തിട്ടുള്ളതിനാലും വില്ലേജ് ആഫീസിലുള്ള വർദ്ധിച്ച ജോലിഭാരം കണക്കിലെടുത്തും പൊതുജനങ്ങൾക്കുണ്ടാകുന്ന അസൗകര്യവും ബുദ്ധിമുട്ടും ഒരു പരിധിവരെ ഒഴിവാകും എന്നതിനാലും നിലവിൽ ചെയ്തു കൊണ്ടിരിക്കുന്ന ജോലികൾക്കു പുറമേ വില്ലേജ് ആഫീസുകളിലെ കരം രസീത് എഴുതുന്ന ജോലി കൂടി ചെയ്യുന്നതിന് വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് അനുമതി നൽകി ഉത്തരവാകുന്നു.

6) കേരള വില്ലേജ് മാനുവലിൽ ഇപ്രകാരം ഭേദഗതി വരുത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.വിശ്വാസ് മേത്ത
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
വിവര-പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർ
(മാധ്യമങ്ങൾക്കു നൽകുന്നതിന്)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-ബി) വകുപ്പ് (02.07.2013-ലെ
12158/ബി1/2013/ഉഭപവ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-ബി) വകുപ്പ് (14.02.2014-ലെ
1654/ബി1/2014/ഉഭപവ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ധനകാര്യ വകുപ്പ് (07.01.2014-ലെ 85528/വ്യയം.എ3/13/ധന നമ്പർ കുറിപ്പ് പ്രകാരം)
റവന്യൂ (സി) വകുപ്പ്
സംഭരണ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)